(ബി) ഇടപാടുകൾ കൂടുതൽ സൗകര്യപ്രദമാക്കാൻ കമ്പ്യൂട്ടറൈസേഷൻ അടിയന്തിരമായി എല്ലാ ശാഖകളിലും നടപ്പിലാക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇടപാടുകൾ കൂടുതൽ സൗകര്യപ്രദമാക്കുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറൈസേഷൻ ഘട്ടം ഘട്ടമായി എല്ലാ ശാഖകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്.

കെ. എസ്. എഫ്. ഇ. യിലെ ടൈപ്പിസ്റ്റുമാരുടെ ഒഴിവുകൾ

26 (1821) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. എഫ്. ഇ. യിൽ ടൈപ്പിസ്റ്റുമാരുടെ എത്ര ഒഴിവുകളുണ്ട് ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് പി. എസ്. സി. തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ഒഴിവുകളിൽ എപ്രകാരം നിയമനം നടത്തുന്നു എന്ന് വ്യക്തമാക്കുമോ ;

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയല്ലാതെ എത്ര ടൈപ്പിസ്റ്റുമാരെ നിയമിച്ചിട്ടുണ്ട് ;

(ഇ) പി. എസ്. സി. റാങ്കുലിസ്റ്റ് വരുന്നതുവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേന ടൈപ്പിസ്റ്റു നിയമനം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(എഫ്) എംപ്ലോയ്മെന്റ് മുഖേനയുള്ള നിയമനം നൽകുന്ന മുറയ്ക്ക് താൽക്കാലികമായി നിയമിച്ചവരെ പിരിച്ചുവിടാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കെ. എസ്. എഫ്. ഇ. യിൽ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കുന്നതു കൊണ്ട് ടൈപ്പിസ്റ്റുമാരുടെ എണ്ണം കണക്കാക്കിയിട്ടില്ല.

(ബി) ഇല്ല.

(സി) ടൈപ്പിസ്റ്റുമാരുടെ ഒഴിവുകളിൽ ഇപ്പോൾ നിയമനം നടത്തുന്നില്ല. അത്യാവശ്യം ടൈപ്പിംഗ് ജോലികൾ ജോബ് വർക്സ് വഴി നടത്തുകയാണ്.

(ഡി) ആരെയും നിയമിച്ചിട്ടില്ല.

(ഇ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly